പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

26-06-2014-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4393

# കേരള സയൻസ് സിറ്റി നിർമ്മാണ പ്രവർത്തനം

<u>ചോദ്യം</u>

ശ്രീ.മോൻസ് ജോസഫ് :

<u>ഉത്തരം</u>

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ കുറവിലങ്ങാട് സ്ഥാപിക്കുന്ന കേരള സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഇപ്പോൾ എന്തെല്ലാമാണ് ആരംഭിച്ചിട്ടുള്ളത്; ഇതിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | എ) സയൻസ് സിറ്റിക്കുവേണ്ടി സർക്കാർ അനുവദിച്ച 30 ഏക്കർ ഭൂമിയിൽ ചുറ്റുമതിൽ നിർമ്മാണവും മണ്ണ് പരിശോധനയും നടന്നുവരുന്നു. |
| ബി) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കുറവിലങ്ങാട് കേന്ദ്രമായി കൃഷി വകുപ്പ് അനുവദിച്ച 30 ഏക്കർ സ്ഥലം കേരളാ സയൻസ് സിറ്റിയുടെ എന്തെല്ലാം പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് വിനിയോഗിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) കേന്ദ്ര സർക്കാരും, കേരള സർക്കാരും സംയുക്തമായി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സയൻസ് സിറ്റിയിൽ സയന്റിഫിക് ഗ്യാലറി, അടിസ്ഥാന ശാസ്ത്ര പരീക്ഷണ ശാലകൾ, ഹൈ-ടെക് ക്ലാസ്സ് റൂം, സയൻസ് ആന്റ് എനർജി പാർക്ക്, ബട്ടർഫ്ളൈ പാർക്ക്, ഇവല്യൂഷൻ പാർക്ക്, മോഷൻ സിമുലേറ്റർ (ത്രില്ലേറിയം), മ്യൂസിക്കൽ ഫൌണ്ടേൻ വിത്ത് ലേസർ മൾട്ടി മീഡിയ, സയൻസ് ലൈബ്രറി, ഓഡിറ്റോറിയം, സെമിനാർ ഹാൾ, കോൺഫറൻസ് ഹാൾ, വൈ-ഫൈ, വൈമാക്സ് ക്യാമ്പസ്, റോപ് കാർ, ഫുഡ് കോർട്ട് എന്നിവ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| സി) കേരള സയൻസ് സിറ്റിയുടെ ഒന്നാം ഘട്ടം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനുവേണ്ടി സംസ്ഥാന സർക്കാർ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; | സി) കേരള സയൻസ് സിറ്റിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നാഷണൽ കൌൺസിൽ ഓഫ് സയൻസ് മ്യൂസിയത്തിന്റെ പ്രസിദ്ധീകരണ പ്രകാരം 13 മാസത്തിനുള്ളിൽ |

| | |
|---|---|
| കേന്ദ്ര സർക്കാർ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ; | പൂർത്തിയാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഇതിനാവേണ്ടി കേന്ദ്രസർക്കാരും, സംസ്ഥാന സർക്കാരും കൂടിചേർന്ന് 14.5 കോടി രൂപ (7.25 കോടി വീതം) ചിലവഴിക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാന സർക്കാരിന്റെ വിഹിതമായ 7.25 കോടി രൂപ നാഷണൽ കൌൺസിൽ ഓഫ് സയൻസ് മ്യൂസിയത്തിന് കൈമാറി കഴിഞ്ഞു. |
| ഡി) കേരള സയൻസ് സിറ്റിയുടെ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കുന്നത്; ഇതിന് ആവശ്യമായ കേന്ദ്ര സംസ്ഥാന വിഹിതം എത്ര വീതമാണ്; ഇത് ഇപ്പോൾ അനുവദിച്ച് കിട്ടിയിട്ടുണ്ടോ; | ഡി) സയൻസ് സിറ്റിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ വരുന്ന സ്പേയ്സ് തീയേറ്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ക്കുവേണ്ടി 25 കോടി രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷന് അപേക്ഷിച്ചിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള കേന്ദ്രസർക്കാർ വിഹിതം ലഭിച്ചിട്ടില്ല. |
| ഇ) കേരള സയൻസ് സിറ്റിയിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സൌഹൃദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ഇ) ഹരിത ഭവന മാതൃകയിലുള്ള കെട്ടിടങ്ങളും മാലിന്യ നിർമ്മാർജ്ജന പദ്ധതികളും, ഏതാനും സൌരോർജ്ജ പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| എഫ്) കേരള സയൻസ് സിറ്റിയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി മാറ്റാനും നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനും പ്രധാനപ്പെട്ട ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി സർക്കാർ മേൽനോട്ടത്തിൽ ഒരു മോണിട്ടറിംഗ് സെൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; | എഫ്) വിദ്യാഭ്യാസ മന്ത്രിയും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി തുടങ്ങി ഉന്നത ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന മ്യൂസിയത്തിന്റെ ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മറ്റി, സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയുടെ അംഗീകാരവും നിർദ്ദേശവും അനുസരിച്ചാണ് സയൻസ് സിറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. |
| ജി) സയൻസ് സിറ്റിയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നവകുപ്പുകളും പ്രധാന ഉദ്യോഗസ്ഥരും ആരൊക്കെയാണ്; | ജി) കേന്ദ്ര ഗവൺമെന്റിന് കീഴിൽ വരുന്ന നാഷണൽ കൌൺസിൽ ഓഫ് സയൻസ് മ്യൂസിയവും, സംസ്ഥാന സർക്കാരിനു കീഴിൽ വരുന്ന കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയവും ആണ് ഇതിന് നേതൃത്വം വഹിക്കുന്നത്. നാഷണൽ കൌൺസിൽ ഓഫ് സയൻസ് മ്യൂസിയം കേന്ദ്രസാംസ്കാരിക വകുപ്പിന് കീഴിലും |

| | |
|---|---|
| | കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലും ആണ് പ്രവർത്തിക്കുന്നത്. |
| എച്ച്) വിദ്യാഭ്യാസ പുരോഗതിക്കും ശാസ്ത്ര വിജ്ഞാനത്തിനും ഉപകരിക്കുന്ന ഏതെങ്കിലും കോഴ്സുകൾ കേരള സയൻസ് സിറ്റിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഉപകരിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് ഇവിടെ നടപ്പാക്കുന്നത്; ഇത് സംബന്ധിച്ച് നയം വ്യക്തമാക്കാമോ; | എച്ച്) സയൻസ് സിറ്റിയുടെ പ്രധാന ലക്ഷ്യം ശാസ്ത്ര വിജ്ഞാനത്തിന് ഉപകരിക്കുന്ന കോഴ്സുകൾ നടത്തുക എന്നതല്ലെങ്കിലും ആവശ്യമെങ്കിൽ ഇത്തരത്തിലുള്ള കോഴ്സുകൾ പരിഗണിക്കാവുന്നതാണ്. പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും നേരിട്ട് കണ്ട് മനസ്സിലാക്കുവാനും, സ്വയം പ്രവർത്തിച്ച് മനസ്സിലാക്കുവാനും കഴിയുന്ന തരത്തിലുള്ള പ്രദർശന വസ്തുക്കളാണ് ഇവിടെ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| ഐ) കേരള സയൻസ് സിറ്റിയുടെ നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവിപ്രവർത്തനങ്ങളുടെ രൂപരേഖ ചർച്ചചെയ്യുന്നതിനും ബന്ധപ്പെട്ട ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് കൊണ്ട് ഉന്നതതല യോഗം വിളിച്ച് ചേർക്കുവാൻ നടപടി സ്വീകരിക്കുമോ; ഇത് എന്നത്തേയ്ക്ക് നടത്തുവാൻ കഴിയുമെന്ന് അറിയിക്കാമോ? | ഐ) കേന്ദ്ര ഗവൺമെന്റിന് കീഴിൽ വരുന്ന നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയത്തിന്റെ ഉന്നത ഉദ്യോഗസ്ഥരും, സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രിയും അതിനു കീഴിൽ വരുന്ന ഉന്നത ഉദ്യോഗസ്ഥരും അടങ്ങുന്ന ഗവേണിംഗ് ബോഡി, ഉപദേശക സമിതി, നിരീക്ഷണ സമിതി എന്നിവയുടെ നിർദ്ദേശാനുസരണമാണ് സയൻസ് സിറ്റിയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. നിർദ്ദേശം ലഭിക്കുന്ന പക്ഷം ഉന്നതതല യോഗം വിളിച്ചുചേർക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ